ലക്കം-26/ഫെബ്രുവരി, 2015

# പാവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



# ബുദ്ധിവിശേഷം

## ആമുഖം

ബുദ്ധി ഒരു മഹത്തായ അനുഗ്രഹമാണ്. വ്യക്തികളിൽ ഇത് വ്യത്യസ്ത അളവിലാണ് കാണപ്പെടുന്നത്. എന്താണ് ബുദ്ധി? അതിനെ എങ്ങനെ അളക്കാം? ഒരു മനുഷ്യന്റെ ബുദ്ധിയുടെ നിലവാരം അളക്കുന്നതിന് ആദ്യമായി ഒരു ടെസ്റ്റ് 1905-ൽ രൂപകല്പന ചെയ്തത് ഫ്രഞ്ച് ശാസ്ത്രജ്ഞനായ ആൽഫ്രെഡ് ബിനിറ്റ് ആണ്. ഏതാണ്ട് 50 വർഷങ്ങൾക്ക് ശേഷം അമേരിക്കൻ മനഃശാസ്ത്രജ്ഞനായ ലൂയിൽ മാഡിസൺ ടെർമൻ ആണ് ഐ. ക്യൂ അഥവാ ഇന്റലിജൻസ് കോഷ്യന്റ് എന്ന ടെസ്റ്റ് രൂപപ്പെടുത്തിയത്. ഇതാണ് വ്യാപകമായി ഒരാളുടെ ബുദ്ധിയെ അളക്കുന്നതിന് ഉപയോഗിക്കപ്പെട്ടുവന്നത്. മനഃശാസ്ത്രജ്ഞന്മാർ ബുദ്ധിയെ പല രീതിയിൽ നിർവ്വചിക്കുന്നു. വസ്തുതകൾ മനസ്സിലാക്കാനും ദൈനം ദിന ജീവിതത്തിൽ യോജിച്ച രീതിയിൽ സമർത്ഥമായി പ്രയോഗിക്കുവാനുമുള്ള കഴിവായി ഇതിനെ വ്യാഖ്യാനിക്കുന്നു. യാഥ്യാർത്ഥ്യത്തെ ഉൾക്കൊള്ളാനും അതിനെ ഫലപ്രദമായി ഉപയോഗിക്കുവാനുമുള്ള കഴിവായി ഇതിനെ പറയുന്നു. ഓർമ്മിക്കുക, ചിന്തിക്കുക, നിരീക്ഷിക്കുക, നിർണ്ണയിക്കുക, വിവേചിച്ചറിയുക, കാര്യങ്ങൾ ശരിയായി മനസ്സിലാക്കുക, സമർത്ഥമായ രീതിയിൽ ആശയ വിനിമയം നടത്തുക തുടങ്ങി ബുദ്ധിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അനവധിയാണ്.

ആരായാലും ഏത് മേഖലയിൽ പ്രവർത്തിക്കുന്ന ആളായാലും ബുദ്ധി അത്യന്താപേക്ഷിതമായ ഒന്നാണ്. ബുദ്ധിയുടെ മികവ് അനുസരിച്ച് ഒരാളുടെ ഐ. ക്യൂ 140 നു മുകളിലാണെങ്കിൽ അയാളെ ജീനിയസ് എന്ന് പറയുന്നു. വിശ്വവിഖ്യാത ശാസ്ത്രജ്ഞനായ ആർബർട്ട് ഐൻസ്റ്റീന്റെ ഐ ക്യൂ 160-190 ആണ്. പിന്നെയുള്ളത് അതീവ ഉത്കൃഷ്ടം. പിന്നെ ഉത്കൃഷ്ടം. പിന്നെ കുശാഗ്ര ബുദ്ധി. പിന്നെ സാമാന്യ ബുദ്ധി. പിന്നെ സാമാന്യതയും മന്ദതയും കലർന്ന ബുദ്ധി. ഇതുവരെയാകുമ്പോൾ ബുദ്ധിയുടെ അതിർവരമ്പ് ആയിക്കഴിഞ്ഞു. ഇതിനു താഴോട്ട് വരുമ്പോൾ അത് പല അപൂർണ്ണതകൾ കൊണ്ട് വികലമായതും പിന്നെ മാറ്റങ്ങൾ കൊണ്ടു വരാൻ തീരെ പ്രയാസമുള്ളതാകുകയും അതീവ പ്രയത്നം വേണ്ടി വരികയും ചെയ്യുന്നു. ഇതിനു താഴെയുള്ളതാണ് മന്ദബുദ്ധി, വിഡ്ഢി, മൂഢൻ. എന്നാൽ മന്ദബുദ്ധിയുള്ളവരെ ശരിയായ പരിശീലനം നൽകി, പലർക്കും ഉപജീവനത്തിന് ആവശ്യമായ തൊഴിൽ ചെയ്യുന്നതിന് പ്രാപ്തരാകുവാൻ കഴിയും. അങ്ങനെ സമൂഹത്തിന് ഉപയോഗപ്രദമായ രീതിയിൽ അവരെ മാറ്റിയെടുക്കുവാൻ കഴിയും.

കുറ്റവാളികളിൽ കൂടുതലും 50 നും 70 നും മദ്ധ്യേ ഐ. ക്യൂ ഉള്ളവരാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

പാരമ്പര്യത്തിനും നമ്മൾ വളരുന്ന സാഹചര്യങ്ങൾക്കും, പഠിക്കുന്ന വിഷയങ്ങൾക്കും ബുദ്ധി വികാസവുമായി വലിയ ബന്ധമുണ്ട്. അനുകൂല സാഹചര്യങ്ങൾ കൊടുത്താൽ ആരെയും മാറ്റിയെടുക്കാം എന്നാണ് ചിലർ പറയുന്നത്. 16 വയസ്സിനു മുമ്പ് ലഭിക്കുന്ന പോഷകമൂല്യമുള്ള ആഹാരം ബുദ്ധി വികാസത്തെ വലിയ രീതിയിൽ ബാധിക്കുന്നു എന്നതും ചില പഠനങ്ങൾ തെളിയിക്കുന്നു. തലച്ചോറിന് കുട്ടിക്കാലത്ത് ഏൽക്കുന്ന ക്ഷതങ്ങൾ ബുദ്ധിമാന്ദ്യത്തിന് കാരണമാകും. എൻഡോക്രൈൻ ഗ്ലാന്റുകളുടെ പ്രവർത്തന വൈകല്യം കാരണവും ബുദ്ധിമാന്ദ്യം സംഭവിക്കാം.

മാനസിക സമ്മർദ്ദം കൂടിയാലും ബുദ്ധിയുടെ പല കഴിവുകളും നഷ്ടമാകുന്നു. മനസ്സിന്റെ ശാന്തതയും ഏകാഗ്രതയുടെ അഭ്യസനവും ബുദ്ധിശക്തിയെ കൂട്ടാൻ വളരെയധികം സഹായിക്കും. അതിനാൽ ബുദ്ധിയാകുന്ന അമൂല്യ നിധി സൂക്ഷിക്കണം. ബുദ്ധിയുടെ പ്രകൃതമനുസരിച്ച് ദിവ്യമെന്നും ആസുരീയമെന്നും കൂടി ഇതിനെ തരംതിരിക്കാം. ദിവ്യമെന്നാൽ ദിവ്യഗുണയുക്തം. ആസുരീയ ബുദ്ധിയെന്നാൽ അവഗുണയുക്തം. കാരണം ബുദ്ധിയോടൊപ്പം സത്യസന്ധത, ആത്മാർത്ഥത, സ്നേഹം, ക്ഷമ, ശാന്തത, എന്നിവയാണ് യോജിച്ചിരിക്കുന്നതെങ്കിൽ അത് ദിവ്യബുദ്ധിയാണ്. മറിച്ച് ദുഷിച്ചവയാണ് യോജിച്ചിരിക്കുന്നതെങ്കിൽ അത് ദുർബുദ്ധി അഥവാ ആസുരീയ ബുദ്ധിയാണ്. ബുദ്ധിതന്നെയാണ് നമ്മുടെ ജീവിതത്തെ നയിക്കുന്നത്. അതിനാൽ ഈ അമൂല്യ നിധിയെ സൂക്ഷിക്കണം, ദിവ്യമാക്കുകയും വേണം. ദിവ്യബുദ്ധിയും അതിനോടൊപ്പം ഭാഗ്യവും ചേരുമ്പോൾ പ്രജ്ഞയും പ്രതിഭയുമുള്ളവരാകുകയും ജീവിതം ഐശ്വര്യപൂർണ്ണമാകുകയും ചെയ്യുന്നു. ഭാഗ്യവും ജീവിതത്തിലെ വിജയങ്ങൾക്കെല്ലാം പിന്നിൽ പ്രവർത്തിക്കുന്ന ഒരു സുപ്രധാന ഘടകം തന്നെയാണ്. ഹവിസ്സിന്റെ എല്ലാ വായനക്കാർക്കും ബുദ്ധിവാന്മാരുടെയും ബുദ്ധിയായ, ഭാഗ്യവിധാതാവായ ഈശ്വരൻ സത്ബുദ്ധിയുടെയും ദിവ്യബുദ്ധിയുടെയും ഭാഗ്യത്തിന്റെയും വരദാനങ്ങൾ ചൊരിയട്ടെ എന്ന ശുഭ ആംശസയോടെ........



# താളുകൾ മറിക്കുമ്പോൾ


വിവേക ശകലങ്ങൾ........................................................................................................ ദാദി ജാനകി

മഹാശിവരാത്രി..............................................................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

ഗുണവും അവഗുണവും...................................................................ബി. കെ. അനില, തിരുവനന്തപുരം

ഓർമ്മിക്കാൻ 8 കാര്യങ്ങൾ........................................................................................സുനിത, പാലക്കാട്

ആദർശ ജീവിതം.........................................................................................കൃഷ്ണനുണ്ണി, പാലക്കാട്

സുക്ഷിതത്വം...........................................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ജ്യോതിഷവും ദോഷപരിഹാരങ്ങളും...................................................ബി. കെ. അനിൽ, തിരുവനന്തപുരം

വസന്തം......................................................................................................നീതു മൊകവൂർ, കോഴിക്കോട്

തിരിച്ചറിവ്...........................................................................................സുജിത്ത് പേരാമ്പ്ര, കോഴിക്കോട്



ലക്ഷ്യത്തിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നവർ വിജയികളാകും.

ലക്ഷ്യത്തിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ വഴി തെറ്റിപ്പോകുന്നത് എളുപ്പമാണ്. അതിനാൽ വിജയം നേടുന്നതിന് ആദ്യം ലക്ഷ്യം സ്പഷ്ടമാക്കണം. പിന്നെ തന്റെ ഊർജ്ജത്തെ ആ ലക്ഷ്യത്തിലേയ്ക്ക് കേന്ദ്രീകരിക്കുകയും വേണം.

**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.




ഭാരത്തിൽ ശിവരാത്രി വളരെ മാഹാത്മ്യത്തോടെ ആഘോഷിക്കുന്ന ഒരാചാരമാണ്. എന്നാൽ അതിന്റെ മാഹാത്മ്യം എത്രത്തോളം മഹത്തരമാണ് എന്നതും ഇനിയും ചിന്തിക്കേണ്ടതായിട്ടുണ്ട്. ലോകത്തെ മൊത്തം നശിപ്പിക്കുന്ന കാളകൂട വിഷത്തെ സ്വയം കഴിച്ച് വിശ്വത്തെ രക്ഷിക്കുന്ന അർത്ഥത്തിലും, അജ്ഞാനത്തെ ഇല്ലാതാക്കി ജ്ഞാനത്തെ പ്രദാനം ചെയ്യുന്നതിലും അന്ധകാരത്തെ ഇല്ലാതാക്കി പ്രകാശത്തെ പരത്തുന്നതെന്ന അർത്ഥത്തിലും ശിവരാത്രി ആഘോഷിച്ചു വരുന്നു. അതിലുമുപരി ഈ മഹാപ്രപഞ്ചത്തിന്റെ നാഥനെന്ന നിലയിൽ സൃഷ്ടി, സ്ഥിതി, സംഹാരത്തിന് നിമിത്തമായ ശക്തിയെന്ന നിലയിൽ, പരംപൊരുൾ, പരംപിതാവ്, പരമാത്മാവ്, സ്വയംഭൂ, ജനനമരണരഹിതൻ, പതിതപാവനൻ, മഹാദേവൻ, സദാശിവൻ, മംഗളകാരി, അയോനി, നിരാകാരൻ എന്നീ അർത്ഥതലത്തിൽ നാം എത്രമാത്രം ശിവനെ മനസ്സിലാക്കി ആചരിക്കുന്നുണ്ട്. ലോകത്തെവിടെയും ഈശ്വരൻ ഒന്നു തന്നേയുള്ളു, അത് ശിവൻ തന്നെയാണെന്നും, മറ്റു മതസ്ഥർ വിശ്വസിക്കുന്ന അള്ളാഹുവും, യഹോവയും, എല്ലാം സാക്ഷാൽ മഹാദേവനായ ശിവൻ മാത്രമാണെന്നും നമ്മൾ ആത്യന്തികമായി മനസ്സിലാക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഈ പ്രചാരണത്തെയാണ് നമ്മൾ ലോകത്തെങ്ങും ശിവരാത്രി ആഘോഷത്തിലൂടെ പ്രചരിപ്പിക്കേണ്ടതും, ആഘോഷിക്കേണ്ടതും, ശിവൻ എന്നാൽ സ്വയം പ്രകാശിതം ഒരിക്കലും ഉണ്ടാവുകയും നശിക്കാത്തതുമായത്, (സ്വയംഭൂ) എന്നാൽ അതിൽ നിന്നും ഉണ്ടാകപ്പെടുന്നതുമാണ്. അങ്ങനെ സൃഷ്ടിക്കും, സ്ഥിതിക്കും സംഹാരത്തിനും നിമിത്തമാകുന്നതും അതിനു പ്രാപ്തമാകുന്ന സർവ്വശക്തിസ്വരൂപമായ ഒരു പ്രകാശബിന്ദുവിനേയാണ് പരംപൊരുളിനേയാണ് നമ്മൾ ശിവനെന്ന അർത്ഥത്തിൽ പരിചയപ്പെടുത്തേണ്ടത്. ശിവരാത്രിയേ ആഘോഷിക്കേണ്ടത്. ഈ അർത്ഥത്തിൽ മനസ്സിലാക്കിക്കുന്നതിൽ ലോകമെങ്ങും പ്രജാപിതാ ബ്രഹ്മകുമാരീസ് ഈശ്വരീയ വിശ്വവിദ്യാലയം നടത്തുന്ന സേവനം എത്രമാത്രം സ്തുത്യർഹമായിരിക്കുകയാണ്. മാനവരാശിയെ മൊത്തം ഒരേ ഒരീശ്വരന്റെ കുടക്കീഴിൽ അണിനിർത്തി സർവ്വശ്രേഷ്ഠമായ ഒരു ലോകം സ്ഥാപിക്കുന്നതിൽ, ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന ആശയം സ്ഥാപിച്ചെടുക്കുന്നതിൽ നമുക്കും കൈകോർക്കാം. അങ്ങനെയാകട്ടെ നമ്മുടെ ശിവരാത്രി ആഘോഷം.



# ഗുണവും അവഗുണവും

ബി.കെ. അനില

പരിഹാസം പരദൂഷണം പോലെ ദോഷകരമായ ഒരു അവഗുണമാണ്. അഹംഭാവം സ്വഭാവത്തിൽ പ്രത്യക്ഷപ്പെടുന്ന പല രീതികളിൽ ഒന്നാണ് പരിഹാസം. ഒരിക്കൽ പോലും പരിഹസിക്കുയോ പരിഹാസത്തിനു പാത്രമാവുകയോ ചെയ്യാത്തവർ ഉണ്ടാകില്ല. എന്നാൽ പരിഹാസത്തിന്റെയും ഹാസ്യത്തിന്റെയും വ്യത്യാസം മനസ്സിലാക്കാതെയാണ് ഇത് പലപ്പോഴും പ്രയോഗിക്കപ്പെടുന്നത്. പരിഹാസം പരസ്യമായും രഹസ്യമായും ചെയ്യുന്നവരുണ്ട്. വാക്കുകൾ കൊണ്ട് ഉപദ്രവിക്കുന്ന രീതിയിലുള്ള പരിഹാസങ്ങൾ തന്റെയും മറ്റുള്ളവരുടെയും ജീവിതത്തിന്റെ മൂല്യം കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നു. പരിഹസിക്കുന്നവരുടെയും, അതിന് പാത്രമാകുന്നവരുടെയും മനോനിലയെയും വ്യക്തിത്വത്തെയും നഷ്ടപ്പെടുത്തുന്നു. പരിഹാസം ചിലരെ തന്നിലേയ്ക്ക് ഒതുങ്ങിക്കൂടാൻ നിർബന്ധിതമാക്കുന്നു. ചിലരിൽ ഭയത്തിന്റെയും ക്രോധത്തിന്റെയും ദുഃഖത്തിന്റെയും അശാന്തിയുടെയും അവസ്ഥ ജനിപ്പിക്കുന്നു. ദുർഗുണത്തിന്റെ രൂപത്തിൽ നിൽക്കുന്ന ഈ സ്വഭാവത്തെ ഇല്ലാതാക്കേണ്ടത് ആവശ്യമാണ്. അഹംഭാവത്തിന്റെ പിടി അയയുമ്പോൾ മാത്രമേ ഈ ദുർഗുണത്തെ പരിവർത്തനപ്പെടുത്താൻ സാധിക്കൂ. അതിനുള്ള കഴിവ് എങ്ങനെ വന്നു ചേരും? ഇതിന് ആവശ്യമായതാണ് സ്പിരിച്ച്വൽ റിയലൈസേഷൻ. തന്റെ യഥാർത്ഥ ആത്മസ്വരൂപത്തെ മനസ്സിലാക്കി, ആ സ്വാഭിമാനത്തിൽ സ്ഥിതി ചെയ്യണം. സ്വാഭിമാനത്തിൽ സ്ഥിതി ചെയ്യിക്കുന്ന മന്ത്രമാണ് "ഓം ശാന്തി". ഈ സ്വാഭിമാനത്തിൽ അതായത് ആത്മാഭിമാനത്തിൽ സ്ഥിരമായിരിക്കുന്നതിന്റെ ശീലം വരണം. തന്റെ അനാദിയായ ആത്മസ്വരൂപവും ശാന്തിയാകുന്ന അനാദി ഗുണവും സ്മൃതിയിലും സ്ഥിതിയിലും വരുന്നതിന്റെ നിരന്തര പ്രയത്നം വേണം അപ്പോൾ ഗുണമൂർത്തിയായി മാറും. പിന്നെ നമ്മുടെ വാക്കുകൾ സുഖദായകമാകും, ശാന്തിയും സ്നേഹവും നൽകുന്നതാകും. സ്വാഭിമാനത്തിൽ ഇരിക്കുകയാണെങ്കിൽ, മറ്റുള്ളവർ വിപരീത സാഹചര്യങ്ങൾ സൃഷ്ടിച്ചാലും അത് സ്വന്തം വ്യക്തിത്വത്തെ നഷ്ടപ്പെടുത്തുകയില്ല. മാത്രമല്ല, പ്രതികൂല സാഹചര്യങ്ങൾ വരുമ്പോഴും ഈശ്വരന്റെ സ്വരൂപവുമായി മനസ്സിനെ ചേർക്കുവാൻ നമുക്ക് സാധിക്കും. അതിലൂടെ സാഹചര്യങ്ങളെ അതിജീവിക്കാനുള്ള മനോബലവും ധൈര്യവും സന്തോഷവും നമുക്ക് ഈശ്വരൻ പകർന്ന് തരുകയും ചെയ്യും.

# ഓർമ്മിക്കാൻ 8 കാര്യങ്ങൾ

## 1. ദയ കാണിക്കാൻ ഓർമ്മിക്കൂ!

ക്രൂരമായ വിമർശനങ്ങൾ, കുത്തുവാക്കുകൾ, രൂക്ഷമായ നിരൂപണങ്ങൾ എന്നിവ ഒരിക്കലും ഏതൊരാളുടെയും ദിവസത്തെ ശോഭനമാക്കുകയില്ല. മെച്ചപ്പെടുത്തുകയില്ല, മാത്രമല്ല അവഗണന അങ്ങേയറ്റം മോശമായ അവസ്ഥയിലേയ്ക്കാണ് എത്തിക്കുകയും ചെയ്യുന്നു. മറ്റുള്ളവരുടെ വികാരങ്ങൾ മനസ്സിലാക്കുന്ന ഒരു നേതാവിന് ഉല്പാദനക്ഷമമായ ചുറ്റുപാടുണ്ടാക്കുന്നത് നിർണായകമാണ്. നേതാവിന്റെ പ്രവൃത്തിയാണ് അനുയായികൾ സംസ്ക്കാരമാക്കുന്നത്. ശ്രദ്ധയോടും പരിഗണനയോടും കൂടി അവരോട് പെരുമാറിയാൽ അവർ മുകളിലേയ്ക്ക് വരുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ഓർമ്മിക്കുകയും ചെയ്യും.

## 2. ബഹുമാനം നൽകാൻ ഓർമ്മിക്കൂ!

ടീമിലുള്ളവരുടെ കഴിവുകളും അറിവുകളും നിങ്ങൾ വിലയിരുത്തുന്നത് അവർക്ക് ആവശ്യമായി തോന്നും. നിങ്ങൾ കുട്ടികളോടെന്ന പോലെ അവരോടു പെരുമാറിയാൽ അവരും കുട്ടികളെ പോലെ ആക്ട് ചെയ്യും. വലിയ നേതാക്കൾ അവരുടെ ടീം അംഗങ്ങൾ വിലയിരുത്തപ്പെടുന്നുണ്ട് എന്ന വസ്തുത അവർ അറിയുന്നതിന് അവസരം നല്കും. നേതാക്കളുടെ വാക്കുകളും സംസാര രീതിയും ചലനങ്ങളും ഇത് പ്രകടമാക്കും. ശുദ്ധനായിക്കൊണ്ടിരിക്കുന്ന വ്യക്തി മുതൽ, ഉയർന്ന് അത്യുന്നതത്തിൽ എത്തിയിട്ടുള്ള വ്യക്തിവരെയുള്ള ഓരോരുത്തരും ചില അടിസ്ഥാനപരമായ വിശിഷ്ടമായ പെരുമാറ്റം അഹർഹിക്കുന്നു. ഹൃദയംഗമായ അഥവാ ഉന്മേഷദായകമായ ആശംസ, അവരുടെ പ്രയത്നങ്ങളെ നിങ്ങൾ ഒരു നിമിഷമെങ്കിലും ശ്രദ്ധിക്കുന്നുണ്ട് – തിരിച്ചറിയുന്നുണ്ട് എന്ന കരുതൽ ഉൾപ്പെടെ......

## 3. ക്ഷമ കാണിക്കാൻ ഓർമ്മിക്കൂ!

വലിയ നേതാക്കന്മാർ അവരുടെ സ്വന്തം ആരോഗ്യം അതോടൊപ്പം മറ്റുള്ളവരുടെയും പ്രത്യേകിച്ച് ശ്രദ്ധിക്കും. ഇത് ഉടനടി കിട്ടുന്ന ആനന്ദത്തിന്റെ / തൃപ്തിപ്പെടലിന്റെ കാലമാണ്. അധികമാളുകൾക്കും താല്പര്യം വളരെ പെട്ടെന്നും എളുപ്പത്തിലും ലഭിക്കുന്ന സാധങ്ങളോടാണ്. പക്ഷെ പെട്ടെന്ന് കിട്ടുന്ന പ്രതികരണമോ പ്രശ്നപരിഹാരമോ എല്ലായ്പ്പോഴും ഫലപ്രദമാകില്ല, തിരിച്ചറിയൂ! ഒരു പ്രോജക്ടിന്റെ പല രൂപങ്ങളും വികസിപ്പിച്ചെടുക്കാൻ സമയം എടുക്കും. അല്ലെങ്കിൽ മറുപടി ലഭിക്കുവാൻ 24 മണിക്കൂറോ അതിലധികമോ സമയമെടുക്കും. എപ്പോൾ സമ്മർദ്ദം ഉണ്ടാകുന്നവോ അപ്പോൾ സെറ്റാവും. ഉത്തരവാദിത്വവും പ്രതീക്ഷയുമുള്ള പദ്ധതി എത്രതവണ സമ്മർദ്ദങ്ങൾ ഉണ്ടായാലും ഉചിതമായ പ്രത്യാശയോടെപദ്ധതിയിൽധാരണവെയ്ക്കൂ. മറ്റുള്ളവരെ ശല്യം ചെയ്യുന്നതും ഭത്സിക്കുന്നതും ഒഴിവാക്കൂ.

## 4. രസികത (തമാശ) നല്കാൻ ഓർമ്മിക്കൂ!

എല്ലാം പരാജയപ്പെടുമ്പോഴും ചിരിക്കാൻ കഴിയണം. ചിരി ടെൻഷനിൽ നിന്നുമുള്ള ഒരു ആശ്വാസമാണ്. അതായത് പരാജയത്തിൽ തളരാതെ മുന്നോട്ടു കൊണ്ടു പോകാൻ രസകരമായ സന്ദർഭങ്ങൾ നല്കുന്നതിലൂടെ സാധിക്കും. പ്രയാസമുള്ള ഉറച്ച ഒരു ജോലിക്കു പകരമാവില്ല ചിരി, എന്നാൽ ഒരു തമാശയിലൂടെ അധീരതയെ കുറയ്ക്കാൻ കഴിയും. തമാശ വിവേകത്തോടെ ഉപയോഗിക്കുമ്പോൾ കാഴ്ചപ്പാടുകളിൽ

ധാരാളം മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും.

## 5. സത്യത പാലിക്കാൻ ഓർമ്മിക്കൂ!

തികച്ചും മര്യദയോടെയോ പൂർണ്ണമായ – പരസ്യമായ കള്ളത്തരത്തിലൂടെയോ ആർക്കും സേവനം ലഭിക്കുന്നില്ല. നിങ്ങൾക്ക് സത്യം കേൾക്കാൻ കഴിയില്ല, സത്യം കഠിനമാകും, ചില സമയങ്ങളിൽ പ്രത്യേകിച്ച് ട്രാക്കിൽനിന്ന് വിട്ടുമാറിയ ഒരു പ്രോജക്ടിൽ നിങ്ങൾ വ്യാപൃതനായിരിക്കുമ്പോൾ. എന്നാൽ വലിയ നേതാക്കൾക്ക് നേരായ വഴിയിലൂടെ ജനങ്ങളെ മുന്നോട്ട് നയിക്കാൻ എപ്രകാരമാണ് സത്യം ഉദ്ധരിക്കേണ്ടത് എന്നറിയാം. നിങ്ങൾക്ക് സ്പഷ്ടവാദിയാവാം –അധമമാവാതെയും സങ്കുചിതമാവാതെയും പരുഷമാവാതെയും. എന്നാൽ സൈലൻസിലൂടെ ഒഴിവാക്കാമായിരുന്ന തോൽവിയിലൂടെയുള്ള നഷ്ടം സത്യത്തെ തിരിച്ചറിഞ്ഞതുകൊണ്ടുള്ള വേദനയേക്കാൾ കൂടുതലായിരിക്കും.

## 6. ധൈര്യം നല്കാൻ ഓർമ്മിക്കൂ!

നഷ്ടപ്പെട്ടു, അല്ലെങ്കിൽ ഓപ്ഷനില്ല – എന്ന തോന്നൽ പോലെ, നമ്മിലുള്ള ഊർജ്ജത്തിന് തുരങ്കം വെയ്ക്കുന്ന യാതൊന്നും ഇല്ല. ഊർജ്ജം ഇല്ലാതെയോ, താഴെ വീഴും എന്ന വിധത്തിലോ ജീവിതമാകുന്ന ട്രാക്കിലൂടെ ഓടുന്ന ജനങ്ങളെ നേതാക്കൾ ശ്രദ്ധിക്കുകയും അവരെ എപ്രകാരമാണ് ട്രാക്കിലേയ്ക്ക് തിരിച്ചു കൊണ്ടു വരേണ്ടതെന്ന് ഓർമ്മിക്കുകയും ചെയ്യും. നിങ്ങൾ എന്തുകൊണ്ട് അവരെ ഇഷ്ടപ്പെടുന്നു അഥവാ ആദരിക്കുന്നു എന്നതിനെക്കുറിച്ച് വിശദീകരിക്കുക. അവർക്ക് ചെയ്യാവുന്ന കഴിവുകളെക്കുറിച്ചും ശക്തിയെക്കുറിച്ചും ഓർമ്മിപ്പിക്കുക. പ്രോത്സാഹനം കൊണ്ട് സാധ്യമായില്ലെങ്കിൽ അവരുമായി ഒത്തു ചേർന്നു കൊണ്ട് അവരുടെ പ്രശ്നത്തിലേയ്ക്ക് കടന്ന് അവരോടൊപ്പം പ്രശ്നം പരിഹരിക്കൂ.

## 7. നന്ദി കാണിക്കാൻ ഓർമ്മിക്കൂ!

ജനങ്ങളോട് നന്ദി പ്രകാശിപ്പിക്കുന്ന സമയത്ത് അവർ സംതൃപ്തരാകുന്നു. നിങ്ങൾ അവരോട് നന്ദി പറയുമ്പോൾ നിങ്ങൾ അവരെ വിലയിരുത്തുന്നതായി അവർക്കു ബോധ്യപ്പെടും. വലിയ നേതാക്കൾ അവർക്കുവേണ്ടി മറ്റുള്ളവർ ചെയ്ത പ്രയത്നങ്ങൾ ഓർമ്മിക്കുകയും അവരോട് കടപ്പെട്ടിരിക്കുകയും ചെയ്യും. ചെറുതെങ്കിലും ഓർമ്മിക്കത്തക്ക എന്തെങ്കിലും കാര്യങ്ങൾ അവർക്ക് വേണ്ടി തിരിച്ച് ചെയ്യാൻ സന്ദർഭം നോക്കിയിരിക്കേണ്ടതും, അപ്രകാരം ചെയ്യുമ്പോൾ അവരുടെ പ്രയത്നത്തെ നിങ്ങൾ എത്രത്തോളം അഭിനന്ദിക്കുന്നുണ്ടെന്ന് തെളിയുകയും ചെയ്യും.

## 8. പ്രതീക്ഷ–പ്രത്യാശ നല്കാൻ ഓർമ്മിക്കൂ!

സമയം പരുഷവും നിറം മങ്ങിയതുമായി തോന്നുമ്പോൾ നേതാക്കൾ തങ്ങൾ വലിയ നേതാക്കളാണ് എന്നും, മുന്നോട്ട് പോകുവാൻ വഴി കാണിച്ചു കൊടുക്കേണ്ടത് തങ്ങളുടെ കടമയാണെന്നതും ഓർക്കുന്നു. മോശം സമയങ്ങളിൽ ജനങ്ങൾ, ജീവിതം ഭാവിയിൽ മെച്ചപ്പെടും എന്നും എല്ലാ കാര്യങ്ങളിലും പുരോഗതി കൈവരിക്കാമെന്നും, വളർച്ചയും പുരോഗതിയും വിജയവും മുറുകെ പിടിക്കാൻ കഴിയുമെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ അവരിൽ വിശ്വസിക്കുന്നു നിങ്ങളുടെ പ്രതീക്ഷകൾ ഉയരത്തിലാണെന്നും പ്രയത്നം തുടരേണ്ടതിന്റെ ആവശ്യകത എന്താണെന്നും ജനങ്ങൾക്ക് അറിയാൻ കഴിയണം.

### വീക്ഷണം

സാഹചര്യങ്ങൾ നമ്മളാൽ രചിക്കപ്പെട്ടവയാണ്. നമ്മുടെ കർമ്മങ്ങൾ നമ്മിലേയ്ക്ക് മടങ്ങി വരുമ്പോൾ അതിനെ നേരിടേണ്ടിവരിക തന്നെ ചെയ്യും. ഒന്നകിൽ പുഞ്ചിരിച്ചുകൊണ്ട് നേരിടാം, അല്ലെങ്കിൽ വിലപിച്ചുകൊണ്ട്. വിലപിക്കുന്നതിലൂടെ അതനുഭവിക്കുന്നത് വർദ്ധിക്കുകയാണ്. അതിനാൽ സാഹചര്യങ്ങളെ തടയുവാൻ കഴിയില്ലെങ്കിൽ, അതിനോടുള്ള നമ്മുടെ വീക്ഷണം മാറ്റണം. ശരിയായ വീക്ഷണം സ്വായത്തമാക്കുക എന്നത് നമ്മുടെ നിയന്ത്രണത്തിലുള്ള കാര്യമാണ്.

# ആദർശ ജീവിതം

കൃഷ്ണനുണ്ണി, പാലക്കാട്

ആദർശത്തിലും പ്രവൃത്തിയിലുമുള്ള അന്തരമാണ് നമുടെയൊക്കെ ജീവിതത്തെ സങ്കീർണ്ണവും കിടിലവും സംഘർഷഭരിതവുമാക്കി മാറ്റുന്നത്. അതായത് വാക്കും പ്രവൃത്തിയും തമ്മിൽ ചേരാത്തതിന്റെ വൈരുദ്ധ്യം മനുഷ്യ ജീവിത്തിൽ പലതരം പ്രശ്നങ്ങളും സങ്കീർണ്ണതകളും സൃഷ്ടിക്കുന്നു. ആദരിക്കുന്നതും ആദരിക്കാവുന്നതും മാത്രം പറയുകയും ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്ന ആചാര്യന്മാർ നേർവഴി കാട്ടിയിരുന്ന ഒരു പാരമ്പര്യമാണ് ഭാരതത്തിനുണ്ടായിരുന്നത്. ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന ആർഷ മന്ത്രം ജീവിത സന്ദേശമാക്കിയ ആചാര്യ പരമ്പര ഭൗതിക ജീവിതത്തിനാകെ തന്നെ ഒരു അഭിമാനം പകർന്നിരുന്നു. അത്തരം ആചാര്യന്മാരുടെ അഭാവമാണ് ഇന്നത്തെ ഭൗതിക ജീവിതത്തെ ആദർശ വിരുദ്ധവും സങ്കീർണ്ണവും ആക്കിയിരിക്കുന്നത്. സാമാന്യ ജീവിതം നയിക്കുന്ന നിത്യ സാധാരണക്കാരായ നാം നഷ്ട പാരമ്പര്യത്തെക്കുറിച്ച് അഥവാ കഴിഞ്ഞുപോയ നല്ല കാലത്തെ ക്കുറിച്ച് ഒരു ജാഗ്രതയോടെ പറഞ്ഞുകൊണ്ടിരുന്നാൽ എന്തു ഫലം? മാന്യ ലോകത്തിനും കാലത്തിനും അനുസൃതമായി പൂർവ്വകാല നന്മകളെയും മൂല്യങ്ങളെയും കഴിയുന്നത്ര നമുടെയൊക്കെ ജീവിതത്തിൽ പകർത്തുക എന്നതാണ് കരണീയമായിട്ടുള്ളത്. നമുക്കു ചുറ്റും കാണുന്ന തിന്മകളെയും ദോഷങ്ങളെയും മലിന പാതകളെയുമൊക്കെ ദൂരീകരിക്കാനും സാമൂഹികമായ അഭിവൃദ്ധിയും നന്മയും ഉത്ക്കർഷവും ഉണ്ടാക്കിയെടുക്കാനും നമുക്ക് കഴിയണം. ഇഷ്ടമില്ലാത്തത് കാണാതിരിക്കാനും ശ്രദ്ധിക്കാതിരിക്കാനുമല്ല മറിച്ച് കാണാനും ശ്രദ്ധിക്കാനും തിരുത്തപ്പെടെണ്ടതാണെങ്കിൽ നമ്മളാൽ കഴിയുന്നത് ചെയ്യാനുമാണ് ശ്രമിക്കേണ്ടത്. അതല്ലാതെ സമൂഹത്തിലെ തിന്മകളുടെ നേർക്ക് കണ്ണടയ്ക്കുകയും അവനവന്റെ കാര്യം മാത്രം ശ്രദ്ധിച്ച്, പരിപാലിച്ച് പോവുകയും ചെയ്യുമ്പോഴാണ് സ്വാർത്ഥതയും തിന്മയും ഒരുപോലെ വളരുന്നത്. അത്തരം വ്യക്തിയധിഷ്ടിത മനോഭാവം സാമൂഹ്യ വിരുദ്ധമാണെന്ന് തിരിച്ചറിയണം. കുസങ്കതയും നിസഹായതയും നിർമമതയും വ്യക്തി മനസ്സിനെ അലസമാക്കുകയേയുള്ളൂ. സന്നദ്ധതയില്ലായ്മ നമ്മേ ജഡാവസ്ഥയിലേയ്ക്കാണ് കൊണ്ടുപോകുന്നത്. നമുക്ക് ചുറ്റും സംഭവിക്കുന്നതിലൊന്നും നമുക്ക് പങ്കില്ല, ബന്ധമില്ല എന്ന ന്യായം കൊണ്ട് നിസങ്കത പാലിക്കുക എന്നു വെച്ചാൽ നാം നമുടെ മനസ്സിനെ മരവിപ്പിക്കുന്നു എന്നാണർത്ഥം. മരവിപ്പിച്ച ഒന്നിനെ മറ്റൊന്നിനും സ്വാധീനിക്കാനോ കളിപ്പിക്കാനോ കഴിയില്ലല്ലോ. അത് ജഡാവസ്ഥയാണ്, മരണമാണ്. വ്യക്തികൾ ഓരോരുത്തരും അത്തരം ജഡാവസ്ഥയിൽ സ്വയം ഒളിക്കുമ്പോഴാണ് സാമൂഹ്യ ജീവിതം പലതരം മലിനതകളാൽ യോഗ്യമല്ലാതായി തീരുന്നത്. യോഗ്യമല്ലാത്ത സമൂഹത്തിലെ വ്യക്തിക്ക് ആരോഗ്യപരമായ ഒരു സാധാരണ ജീവിതം നയിക്കാൻ സാധിക്കുകയില്ല. ഇന്ന് ആഘോളവത്ക്കരിക്കപ്പെട്ട ലോകത്ത് 100 കൂട്ടം പ്രശ്നങ്ങൾക്ക് നടുവിലാണ് നാം. ഇവിടെ നമ്മുടെയൊക്കെ ജീവിതം അസന്തുഷ്ടവും അസ്വസ്തപൂർണ്ണവും ആയിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങളിലൊന്ന് വ്യക്തിയുടെ അതായത് നമുടെ ഓരോരുത്തരുടെയും ആദർശ വിരുദ്ധമായ ജീവിത ശൈലി തന്നെയാണ്. അതിനാൽ അത്തരം ജീവിതശൈലീ രീതികളിൽ അഭിലഷണീയമായ മാറ്റങ്ങൾ വരുത്തി നാം നമ്മേ തന്നെ നവീകരിക്കപ്പെടേണ്ടിയിരിക്കുന്നു. നന്മയും മൂല്യവും പ്രകാശിപ്പിച്ച് സഹജീവിസ്നേഹത്തിലുറച്ച് സാമൂഹ്യ ബോധത്തിലധിഷ്ടിതമായ ഒരു ലോക വീക്ഷണം തന്നെ നമ്മൾ ആർജിക്കേണ്ടതുണ്ട്. അത്തരം ഒരു പ്രപഞ്ച വീക്ഷണത്തിലെ ജീവിതം കുറെയെങ്കിലും സന്തോഷകരവും സമാധാനപരവും ആയി തീരുകയുള്ളൂ. അതിനുവേണ്ടിയാവണം നമ്മുടെ മനസ്സും വാക്കും പ്രവർത്തിയും.



# സുരക്ഷിതത്വം

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

പരമാത്മാശക്തി ഒന്നില്ലായിരുന്നെങ്കിൽ
ഈ ഭൂവിൻ ഗതിവിഗതികളെന്തായേനെ
അതിൽ വസിക്കും ജീവരാശികളിൻ വിധിയെന്തായേനെ
ഒന്നു മറ്റൊന്നിനോട് കോർത്തിണക്കും ജീവിതമെന്തായേനെ

എല്ലാറ്റിനുമാധാരമാം കണ്ണിയറ്റാൽ എന്തായേനെ
ഒന്നിച്ചു കോർത്തൊരു മാല പൊട്ടിയാൽ എന്തായേനെ
ഉരുളും കുഞ്ഞു മുത്തുകളിൻ ജീവസ്പന്ദനമെന്തായേനെ
എല്ലാമേ ഒന്നിച്ചണയ്ക്കുമാ പരമ സ്നേഹത്തിനുറവ എന്തായേനെ

വറ്റില്ലാ ഉറവ ഒരിക്കലും ഒരിടത്തും ഒരു കാലത്തും
ഒരുറ്റായ തെളിനീരായ് സമുദ്രമായ് തീർന്നീടും
കുളിർതെന്നലായ് കെടുങ്കാറ്റായ് വീശീടും വേണ്ടപോൽ
അഗ്നിയായ് വെള്ളമായ് ആകാശമായ് ഭവിച്ചീടും

മൂന്നു ലോകങ്ങളുമുൾക്കൊള്ളുമാശക്തി
ഈ ഭൂവും അതിന്നുള്ളിലെ സമസ്തവുമൊരു
ചെറുനാരങ്ങാപോൽ സുരക്ഷിതമാണക്കരങ്ങളിൽ
കണ്ടീടാം തൻ മക്കളേയുമാ സ്നേഹസാഗര ഹൃത്തടത്തിൽ

## മഹദ് വചനങ്ങൾ



**ആകാശത്തിലെ താരകങ്ങൾ രാത്രിയിൽ മാത്രമേ ദൃശ്യമാകൂ. സൂര്യൻ ഉദിക്കുമ്പോൾ അവ ദൃശ്യമല്ലാത്ത തിനാൽ പകൽ നേരത്ത് ആ നക്ഷത്രങ്ങൾ ഇല്ല എന്ന് പറയുവാൻ കഴിയുമോ? അതുപോലെ അജ്ഞാനത്തി ലിരിക്കുമ്പോൾ ഈശ്വരനെ കണ്ടെത്താൻ കഴിയാത്തതു കാരണം ഈശ്വരൻ എന്നൊന്നില്ല എന്ന് വ്യാഖ്യാനിക്കരുത്.**

ശ്രീ രാമകൃഷ്ണ പരമഹംസൻ



# ജ്യോതിഷവും ദോഷപരിഹാരങ്ങളും - 4

ബി. കെ. അനിൽ, തിരുവനന്തപുരം

“ഞാൻ ഏത് ദൈവത്തെയാണ് പൂജിക്കേണ്ടത്, എനിക്ക് യോജിച്ച ദൈവം ഏതാണ്? ജ്യോത്സ്യനോട് പ്രശ്നപരിഹാരം ആരായുന്ന കൂട്ടത്തിൽ ചിലർ ചോദിക്കാറുള്ള ഒരു ചോദ്യമാണിത്. ഉടൻ ഒരു ഉത്തരവും വരും - “ഇന്ന ദൈവത്തെ/ദേവനെ/ദേവിയെ പൂജിക്കണം, നിങ്ങളുടെ ഈ പ്രശ്നം അതിനു മാത്രമേ തീർക്കുവാൻ കഴിയൂ”.

ജീവിതക്ലേശങ്ങൾ മനുഷ്യനെ അവശമാക്കുന്നു. അപ്പോഴാണ് ഈശ്വരനെ അവലംബിക്കുന്നത്. എന്നാൽ ആരെ അവലംബിക്കണം എന്ന കാര്യത്തിൽ ഭക്തർ കുഴങ്ങിപ്പോകുന്നു. കാരണം ദേവതാസ്വരൂപങ്ങൾ അവരുടെ അറിവിൽ അനേകമുണ്ട്. എന്നാൽ എത്ര ദൈവങ്ങൾ ഉണ്ട് എന്നത് തികച്ചും പ്രാധാന്യം അർഹിക്കുന്ന ഒരു ചോദ്യം തന്നെയാണ്. ചിലർ ചില സംസ്കൃത ശ്ലോകങ്ങളായിരിക്കും അതിന്റെ ഉത്തരമായി തരുന്നത്. ജീവിതത്തിൽ ധർമ്മമാർഗ്ഗം അവലംബിക്കുന്നതിനും ജീവിതം ശ്രേയസ്കരമാക്കുന്നതിനുമുള്ള സിദ്ധാന്തങ്ങൾ ഭാരതീയ ധർമ്മശാസ്ത്രങ്ങളിലുണ്ട്. അവയുടെ രചന സംസ്കൃതത്തിലാണ് നടന്നിരിക്കുന്നത്. എന്നാൽ സംസ്കൃത ഭാഷയിൽ പറഞ്ഞിരിക്കുന്ന ഏത് തത്ത്വവും യുക്തിക്ക് നിരക്കുന്നതല്ല എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. മിക്ക അടിസ്ഥാന ഗ്രന്ഥങ്ങളിലും പല ശ്ലോകങ്ങളുടെയും കൂട്ടിച്ചേർക്കലുകൾ പിൽക്കാലത്ത് നടന്നിട്ടുണ്ട് എന്ന് സംസ്കൃ പണ്ഡിതന്മാർ/ഗവേഷകർ തന്നെ സമ്മതിക്കുന്നു. ഇതിന് കാരണമായി അവർ ചൂണ്ടിക്കാണിക്കുന്നത് പല ആശയങ്ങളുടെയും പരസ്പര വൈരുദ്ധ്യമാണ്. ഇനിയൊന്നാണ്, മറ്റ് ആശയങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ ഗ്രന്ഥത്തിന്റെ നിലവാരവുമായി യോജിക്കാത്ത ആശയങ്ങളുടെ പ്രതിപാദനം. ജ്യോതിഷത്തിന്റെ കാര്യം തന്നെ ഉദാഹരണമായി എടുക്കുകയാണെങ്കിൽ, പ്രശ്നമാർഗ്ഗം എന്ന ജ്യോതിഷഗ്രന്ഥത്തിൽ കർമ്മവിപാകം എന്ന അദ്ധ്യായത്തിൽ മനുഷ്യരുടെ ചില രോഗങ്ങൾക്കു കാരണമായ പ്രവൃത്തികളെ കുറിച്ച് പറയുന്നത് തികച്ചും ബാലിശമായി തോന്നും. പ്രശ്നമാർഗ്ഗം പോലെ ഗംഭീരമായ ഒരു ഗ്രന്ഥത്തിന് യോജിച്ച നിലവാരം ഈ പ്രതിപാദ്യത്തിലില്ല. അതിനാൽ ഇത് പിൽക്കാലത്ത് ആരോ എഴുതിച്ചേർത്തതാണ് എന്ന് പലരും അഭിപ്രായപ്പെടുന്നു. അതുപോലെ പരാശരഹോരയിലും സന്താനലാഭത്തിനു വേണ്ടി പറയുന്ന പരിഹാരകർമ്മങ്ങൾ പരാശരന്റെ രചനയല്ലെന്നും പിന്നീട് ആരോ എഴുതിച്ചേർത്തതാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. ഏതായാലും സത്യാസത്യങ്ങൾ വേർതിരിച്ചറിയുവാൻ കഴിയാതെ വരുമ്പോൾ ആശയക്കുഴപ്പങ്ങളിലേയ്ക്കും അന്ധവിശ്വാസങ്ങളിലേയ്ക്കുമായിരിക്കും അവ നയിക്കുന്നത്.

തന്ത്രശാസ്ത്രം പറയുന്നത് - സാധകാനാം ഹിതാർത്ഥായ ബ്രഹ്മണോ രൂപകല്പനാ എന്നാണ്. സാധകരുടെ ഹിതാർത്ഥമാണ് ഈശ്വരന് വിഭിന്ന ഭാവങ്ങൾ കല്പിച്ചിരിക്കുന്നത് എന്നാണ്. ഏക ഈശ്വരനെത്തന്നെയാണ് അനേകം രീതികളിലും സമ്പ്രദായങ്ങളിലും ആരാധിച്ചുവരുന്നത്. ആ ഒരു

ശക്തിയെത്തന്നെയാണ് ശൈവം, വൈഷ്ണവം, ശാക്തം, സൗരം, ഗാണപത്യം തുടങ്ങിയവ സൂചിപ്പിക്കുന്നത്. ഏകനായ ഈശ്വരൻ ഇന്ദ്രിയങ്ങൾക്ക് അതീതമാണ്. ആ പരമപുരുഷനായ ഈശ്വരനെ പ്രത്യേകം പ്രത്യേകമായും ഇന്ദ്രിയങ്ങൾക്ക് ഗോചര വിധേയമാക്കിയതുമാണ് വിവിധ ദേവ കല്പനകൾ. വിഷ്ണു, ശിവൻ, വിഘ്നേശൻ, ദുർഗ്ഗ എന്നിവയെലാം ഏക ഈശ്വരന്റെ വ്യത്യസ്ത സ്വരൂപങ്ങളുടെ പ്രതീകങ്ങളാണ് എന്നുതന്നെയാണ് ഇതിന്റെ അർത്ഥം. ഐശ്വര്യം കാംക്ഷിക്കുന്നവർ ആദിത്യൻ, അംബിക, വിഷ്ണു, ഗണപതി, ശിവൻ എന്നിവരെ വിധിയാം വണ്ണം ആരാധിക്കണം എന്ന് പറയുമ്പോൾ ഇഷ്ടദേവതയുടെ മുന്നിൽ ദീപം തെളിയിക്കുകയും പൂക്കൾ അർപ്പിക്കുകയും ചെയ്താൽ അത് ഭക്തിയായി എന്ന് പൊതുവേ ധരിക്കപ്പെടുന്നു. വാസ്തവത്തിൽ ഈശ്വര ഭക്തിയെന്നാൽ ഈശ്വരൻ എന്ന പരമ ശക്തിയെ അറിയുക, ഈശ്വരീയത ഉൾക്കൊള്ളുക, തന്റെയുള്ളിൽ അതിനെ സംരക്ഷിക്കുക അഥവാ നിലനിർത്തുക എന്നതുകൂടി മനസ്സിലാക്കേണ്ടതുണ്ട്.

ദൈവസാന്നിധ്യത്തിലൂടെ നാടിനും നാട്ടുകാർക്കും ശ്രേയസ്സ് ഉണ്ടാകുന്നതിനുവേണ്ടിയാണ് പഴയ കാലത്ത് ക്ഷേത്രങ്ങൾ സ്ഥാപിക്കപ്പെടുകയും ഉത്സവങ്ങൾ നടത്തുകയും ചെയ്തിരുന്നത്. എന്നാൽ ദേവതാസങ്കല്പങ്ങളെ കുറിച്ചും, പൂജാദി കർമ്മങ്ങളുടെ വിധിയെക്കുറിച്ചും, പല ദുർവ്യാഖ്യാനങ്ങളും ഉണ്ടായി. പ്രേതങ്ങളെപ്പോലും ദൈവങ്ങളായി പ്രതിഷ്ഠിച്ചു. അന്യരെ ദ്രോഹിക്കുന്നതിനുവേണ്ടി ക്ഷുദ്രമന്ത്രങ്ങൾ രചിക്കപ്പെട്ടു. മദ്യവും, മാംസവും, രക്തവുമെല്ലാം നിവേദ്യങ്ങളായി. ജന്തുക്കളെ ദേവപ്രീതിയ്ക്ക് വേണ്ടി ഹിംസിച്ചു. അങ്ങനെ ചിലർ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഊട്ടിവളർത്തി. യന്ത്ര-മന്ത്ര-തന്ത്രങ്ങളിൽ അന്ധമായി ആശ്രിതരാക്കി.

സർവ്വശക്തിവാനായ ഈശ്വരന് ശരീരവും അനുഗ്രഹ കലകളും ഉണ്ടാക്കുകയാണ് പ്രതിമയിൽ ചെയ്യുന്നത്. പ്രതിമ എന്നത് യഥാർത്ഥ രൂപത്തിന് തുല്യമായത് എന്നാണ്. അതായത് ഈശ്വരന്റെ ഏതെങ്കിലും ഒരു മുഖ്യമായ ഗുണസ്വരൂപത്തെ അത് പ്രതിനിധീകരിക്കുന്നു എന്നാണ് അർത്ഥമാക്കേണ്ടത്. അതിനാലാണ് "പ്രഥമം പ്രതിമാപൂജാ, ജപസ്തോത്രാണി മധ്യമാ, ഉത്തമം മാനസീപൂജാ, സോഹം പൂജോത്തമോത്തമം" എന്ന് പറയുന്നത്. പ്രതിമാപൂജ പ്രഥമം. ജപ-സ്ത്രോതങ്ങൾ മധ്യമം. മാനസ പൂജ ഉത്തമം. എന്നാൽ സോഹം ഉത്തമോത്തമം എന്ന് പറയുന്നു. "സോ അഹം" അതായത് "അത് ഞാനാകുന്നു" എന്ന തിരിച്ചറിവ് വരണം എന്നാണ്. അതായത് ആദിത്യൻ, അംബിക, വിഷ്ണു, ഗണപതി, ശിവൻ എന്നിവ എന്റെ അനാദി സ്വരൂപങ്ങളാണ് എന്നറിയണം. ആദിത്യൻ ആത്മചൈതന്യത്തെ പ്രതിനിധീകരിക്കുന്നു. അംബിക ക്രിയാശക്തിയെ, വിഷ്ണു വ്യാപനശീലവും ബാഹ്യവ്യാപാരവും, ഗണപതി ഇച്ഛാശക്തിയെ, ശിവൻ ആന്തരിക ജ്ഞാനത്തെയും ബുദ്ധിപ്രഭാവത്തെയും കുറിക്കുന്നു. ഈ പ്രകാശത്തെ വ്യാപിപ്പിക്കുന്നതാണ് ഈ ദേവതകൾ. ഈ ദേവഭാവങ്ങളെ പൂജിക്കുക എന്നാൽ ആ ഭാവം ഉൾക്കൊള്ളുന്ന ശക്തിയെ ഈശ്വരൻ എന്ന പരമജ്യോതിസ്സുമായി മനസ്സിനെ യോജിപ്പിച്ച് ആ ഭാവങ്ങളെ പരിരക്ഷിക്കുക എന്നാണ് അർത്ഥം.

**ശ്രേഷ്ഠ സങ്കല്പമാണ് ശ്രേഷ്ഠ**
**വചനത്തിന്റെയും**
**ശ്രേഷ്ഠ കർമ്മത്തിന്റെയും**
**ആധാരമാകുന്നത്.**
**എത്ര ശ്രേഷ്ഠ കർമ്മം ചെയ്യുമോ,**
**അത്രയും ശ്രേഷ്ഠ**
**ആത്മാക്കളായി സ്മരിക്കപ്പെടും.**
**ആര് എത്ര ശ്രേഷ്ഠമാണോ,**
**അവരുടെ ഗുണങ്ങളെയും**
**കർമ്മങ്ങളെയും**
**ഉദാഹരണമാക്കുന്നതിനു**
**വേണ്ടിയാണ് നാമം**
**സ്മരിക്കുന്നത്**



# വസന്തം

നീതു മൊകവൂർ, കോഴിക്കോട്

തീക്ഷ്ണമാം ഗ്രീഷ്മതപത്തെ
വിടകൊണ്ടെൻ മനസ്സിൻ ജാലകത്തിൽ
വസന്തം വരവായി
ഊഷര സ്മൃതിയുടെ വേദനകളെ
തഴുകി കൊണ്ടെൻ ഹൃത്ത് ഭൂമികയിൽ
വസന്തം മൊട്ടിട്ടു.
നൽകി ഞാൻ ആത്മബാഷ്പം
പാവനസ്മൃതിയുടെ നറുതേൻ തുള്ളികൾ
ആസേതു ഹിമാചലം വിടർന്നൊരാ പൂക്കാലം
ഭാരതാമൃത ഭൂമിയിൽ വൈകുണ്ഠ പ്രഭ ചൊരിഞ്ഞു.



കണ്ണൂർ ബ്രഹ്മാകുമാരീസിൽ ശിവജയന്തി മഹോത്സവത്തോടനുബന്ധിച്ച് ശ്രീ പി.വി. രവീന്ദ്രനാഥ് (കൃഷ്ണാ ജുവലറി മാനേജിംഗ് ഡയറക്ടർ) ശിവപതാക ഉയർത്തുന്നു




പരമാത്മാ ശക്തിയിലൂടെ വിശ്വത്തിൽ മഹാ പരിവർത്തനം സമ്മേളന ഉദ്ഘാടനം ബ്രഹ്മശ്രീ പെരികമന ശങ്കരൻ നമ്പൂതിരി നിർവ്വഹിച്ചു. ഒപ്പം രാജയോഗിനി മീനാക്ഷി (ബ്രഹ്മാകുമാരീസ്, ചാലാട്) ശ്രീ പി.വി. രവീന്ദ്രനാഥ്, ശ്രീ.പി.വി. വിനോദ്, ബി.കെ. അരവിന്ദാക്ഷൻ, മേജർ. പത്മനാഭൻ എന്നിവർ



# തിരിച്ചറിവ്

സുജിത്ത് പേരാമ്പ്ര, കോഴിക്കോട്

ഒരു ദേശത്തെ രാജാവിന് വളരെ സത്സ്വഭാവിയും ശ്രേഷ്ഠനുമായ പുത്രനുണ്ടായിരുന്നു. ഒരിക്കൽ രാജാവ് നായാട്ടിന് പോയപ്പോൾ തന്റെ പുത്രനെയും കൂടെ കൂട്ടി. നായാട്ടിന്റെ ബഹളത്തിനിടയിൽ പുത്രൻ വഴി തെററി പോയ കാര്യം രാജാവ് വിസ്മരിച്ചു. അങ്ങേയററം ദുഖിതനായ രാജാവ് തിരിച്ച് കൊട്ടാരത്തിലേക്ക് മടങ്ങി. വഴി തെററിയ കുമാരൻ മറെറാരു നാട്ടിലെത്തി. പാവം രാജകുമാരൻ കൊട്ടാരത്തിൽ വളർന്നതിനാൽ യാതൊരു ജോലിയും അറിയില്ലായിരുന്നു. അതിനാൽ ജീവിക്കാൻ ഭിക്ഷ യാചിക്കുകയല്ലാതെ മറെറാരു വഴിയുമില്ലായിരുന്നു. ഒരു പാത്രവുമെടുത്ത് ഓരോ വീടുകളിലും കുമാരൻ ഒരു നേരത്തെ ഭക്ഷണത്തിന് യാചിക്കാൻ തുടങ്ങി. വർഷങ്ങൾ കഴിഞ്ഞു പോയി തെണ്ടിയായി മാറിയ രാജകുമാരൻ താൻ മുൻപ് ഒരു രാജകുമാരനായിരുന്നെന്ന കാര്യവും സ്വന്തം മാതാപിതാക്കളുടെ കാര്യവും പൂർണ്ണമായും മറന്നു കഴിഞ്ഞിരുന്നു. ഈ സമയം പ്രായമേറിയ രാജാവ് തന്റെ രാജ്യം തുടർന്ന് ഭരിക്കാൻ പുത്രനെ എങ്ങനെയെങ്കിലും കണ്ടെത്താൻ മന്ത്രിയോട് ആവശ്യപ്പെട്ടു. തീവ്രമായ അന്വേഷണത്തിനൊടുവിൽ മന്ത്രി കുമാരനെ കണ്ടെത്തി. വൃത്തിഹീനമായ ഉടുതുണിയും വൃണം വന്ന കൈകാലുകളുമുള്ള കുമാരനോട് മന്ത്രി കാര്യങ്ങളെല്ലാം പറഞ്ഞപ്പോൾ കുമാരന് പൂർവ്വ സ്മൃതി വരുകയും ഉടൻ തന്നെ മുഖഭാവം മാറുകയും ചെയ്തു. മന്ത്രിയോട് ഇങ്ങനെ ആജ്ഞാപിച്ചു. ഉടൻ തന്നെ നമുക്ക് നല്ല വസ്ത്രങ്ങളും സഞ്ചരിക്കാൻ രഥവും കൊണ്ടുവരൂ. എന്നിട്ട് രാജകുമാരന്റെ ചുവട് വെയ്പ്പോടെ ആ രഥത്തിലേക്ക് കയറിയിരുന്നു ഈ ദൃശ്യങ്ങളെല്ലാം കണ്ടു നിന്നവർ അത്ഭുത സ്തബ്ദരായി. അവർ ചോദിച്ചു ഇത്രനേരം കണ്ട നിങ്ങളല്ലല്ലോ ഇപ്പോൾ. ഇത്ര പെട്ടെന്ന് മാറാൻ എങ്ങനെ സാധിച്ചു.കുമാരൻ പറഞ്ഞു ഞാൻ ആരാണെന്ന സ്മൃതി ലഭിച്ചതിന് ശേഷം എനിക്ക് നിഷ്പ്രയാസം പഴയ അവസ്ഥയെ ഉപേക്ഷിക്കാൻ സാധിച്ചു. ഇവിടെ നാമോരോരുത്തരും രാജ്യാധികാരികളാണ് അജ്ഞാനത്തിന്റെ കാട്ടിൽ വെച്ച് വഴി തെററിയ നാം സ്വധർമ്മത്തെയും സ്വയത്തെയും വിസ്മരിച്ച് യാചകനെ പോലെ ഇപ്പോഴും ജീവിച്ചു കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിന്റെ സ്മൃതി കൈവരുന്ന നിമിഷം തീർച്ചയായും ഈ യാചക വേഷത്തെ നാം ഉപേക്ഷിക്കുക തന്നെ ചെയ്യും.